# 2009-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ

1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റ് വീണ്ടും
ഭേദഗതിചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റ്, താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2009-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2009, ജനുവരി 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 13-ാം വകുപ്പിന്റെ ഭേദഗതി.—1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റിലെ (1980-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 13-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം കൂട്ടി ചേർക്കേണ്ടതാണ്, അതായത്,—

"(ബിബി) ചുമട്ടുതൊഴിലാളികൾക്ക് 1948-ലെ ജോലിക്കാരുടെ സ്റ്റേറ്റ് ഇൻഷ്വറൻസ് ആക്റ്റ് (1948-ലെ 34-ാം കേന്ദ്ര ആക്റ്റ്) പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനും.".

3. 24-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 24-ാം വകുപ്പിൽ താഴെ പറയുന്ന ക്ലിപ്തനിബന്ധന കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്,—

"എന്നാൽ, 1948-ലെ ജോലിക്കാരുടെ സ്റ്റേറ്റ് ഇൻഷ്വറൻസ് ആക്റ്റ് (1948-ലെ 34-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഇൻഷ്വർ ചെയ്യപ്പെട്ടിട്ടുള്ള ചുമട്ടുതൊഴിലാളികൾക്ക് 1923-ലെ തൊഴിലാളികളുടെ നഷ്ടപരിഹാരം ആക്റ്റ് (1923-ലെ 8-ാം കേന്ദ്ര ആക്റ്റ്) ബാധകമാകുന്നതല്ല.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് 3-11-2008-ൽ കൂടിയ അതിന്റെ യോഗത്തിൽ കൊച്ചി തുറമുഖ ട്രസ്റ്റ് ഏരിയ കമ്മിറ്റി അതിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചുമട്ടു തൊഴിലാളികൾക്കും ജോലിക്കാരുടെ സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതിയിലെ വ്യവസ്ഥകൾ ബാധകമാക്കുന്നതിന് സമർപ്പിച്ച നിർദ്ദേശം അംഗീകരിക്കുകയും അത് നടപ്പിൽ വരുത്തു

ന്നതിനായി സർക്കാരിനോട് അഭ്യർത്ഥിക്കാൻ ഒരു പ്രമേയം പാസ്സാക്കുകയും ചെയ്തു. അതനുസരിച്ച്, 1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റിലെ 13-ഉം 24-ഉം വകുപ്പുകൾക്ക് ഭേദഗതി വരുത്തിക്കൊണ്ട്, ചുമട്ടുതൊഴിലാളികൾക്ക്, 1923-ലെ തൊഴിലാളികളുടെ നഷ്ടപരിഹാരം ആക്റ്റ് പ്രകാരമുള്ള ആനുകൂല്യങ്ങൾ പരിമിതിപ്പെടുത്തിക്കൊണ്ട്, 1948-ലെ ജോലിക്കാരുടെ സ്റ്റേറ്റ് ഇൻഷ്വറൻസ് ആക്റ്റ് പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകത്തക്കവിധം 1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റിൻ കീഴിൽ തയ്യാറാക്കിയ പദ്ധതിയുടെ വ്യാപ്തി ദീർഘിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ, സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

പി. കെ. ഗുരുദാസൻ

(ശരിത്തർജ്ജമ)

# 1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ (1980-ലെ 20)

** ** **

13. പദ്ധതി.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംമൂലം വിജ്ഞാപനത്തിൽ പറയുന്ന ഒന്നോ അതിലധികമോ പ്രദേശത്തേക്കോ, പ്രദേശങ്ങളിലേക്കോ, ഏതെങ്കിലും ഒരു തൊഴിലിനോ, ഒരു സംഘം തൊഴിലുകൾക്കോ വേണ്ടി ഒന്നോ അതിലധികമോ പദ്ധതിയോ പദ്ധതികളോ ഉണ്ടാക്കാവുന്നതും അതുപോലുള്ള വിജ്ഞാപനംമൂലം അങ്ങനെയുള്ള പദ്ധതിക്ക് കൂട്ടിച്ചേർക്കലോ, ഭേദഗതിയോ, മാറ്റമോ വരുത്താവുന്നതും അഥവാ അങ്ങനെയുള്ള ഏതെങ്കിലും പദ്ധതിക്കുപകരം മറ്റൊരു പദ്ധതി കൊണ്ടുവരാവുന്നതുമാകുന്നു:

എന്നാൽ അങ്ങനെയുള്ള യാതൊരു വിജ്ഞാപനവും, അതിന്റെ ഒരു കരടു രൂപം ഗസറ്റിൽ പ്രസിദ്ധം ചെയ്യാത്തപക്ഷവും, അങ്ങനെയുള്ള കരടുരൂപം ഗസറ്റിൽ പ്രസിദ്ധം ചെയ്ത് ഒരു മാസത്തിനകം കിട്ടുന്ന ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് അവസാന തീരുമാനമെടുക്കാത്ത പക്ഷവും പ്രാബല്യത്തിൽ വരുന്നതല്ല.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും അതുപ്രകാരമുണ്ടാക്കിയ ചട്ടങ്ങൾക്കും വിധേയമായി (1)-ാം ഉപവകുപ്പു പ്രകാരം ഉണ്ടാക്കിയ ഒരു പദ്ധതിയിൽ താഴെപറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) ചുമട്ടുതൊഴിലാളികളുടെ ക്ഷേമത്തിലും ;

(ബി) ചുമട്ടുതൊഴിലാളികളുടെ ആരോഗ്യത്തിനും, സുരക്ഷിതത്വ നടപടികൾക്കും ;

(സി) ചുമട്ടുതൊഴിലാളികളുടെ ഗുണത്തിനുതകുന്ന പ്രോവിഡന്റ് ഫണ്ടുകൾ ഉൾപ്പെടെയുള്ള ഏതെങ്കിലും ഫണ്ടോ, ഫണ്ടുകളോ രൂപീകരിക്കുന്നതിനും, അങ്ങനെയുള്ള ഫണ്ടുകൾ നിക്ഷിപ്തമാക്കുന്നതിനും, അങ്ങനെയുള്ള ഫണ്ടിലേക്ക് അംശദാനം നൽകുന്നതിനും, അതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും ;

** ** **

24. തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം ആക്റ്റ് ചുമട്ടുതൊഴിലാളികൾക്ക് ബാധകമാക്കൽ.—1923-ലെ തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം ആക്റ്റിലെ (1923-ലെ 8-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകളും അതുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും ആവശ്യമായ ഭേദഗതികളോടുകൂടി ഏതെങ്കിലും സ്ഥാപനത്തിൽ ജോലിക്കാക്കിയിട്ടുള്ള ചുമട്ടുതൊഴിലാളികൾക്ക്, ബാധകമായിരിക്കുന്നതും ആ ആവശ്യത്തിന് അവരെ ആ ആക്റ്റിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽപ്പെടുന്ന തൊഴിലാളികളായി കരുതപ്പെടുന്നതും ആകുന്നു.

** ** **

** ** **